**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2460** **12-12-2022 - ൽ മറുപടിയ്ക്ക്**

**ജി.സി.ഡി.എ. യുടെ ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടകയിനത്തിൽ കിട്ടാനുള്ള തുക പിരിച്ചെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ജി.സി.ഡി.എ. യുടെ കീഴിൽ നിലവിൽ എത്ര ഷോപ്പിംഗ് കോംപ്ലക്സുകളാണുള്ളതെന്നും അവ എവിടെയെല്ലാമാണെന്നും ഇതിൽ ഓരോ ഷോപ്പിംഗ് കോംപ്ലക്സിലും എത്ര കടമുറികൾ വീതമുണ്ടെന്നും അവയിൽ എത്രയെണ്ണം വാടകയ്ക്ക് / പാട്ടത്തിന് നൽകിയിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | വിശദാംശം അനുബന്ധം -1 ആയി ചേർക്കുന്നു. |
| (ബി) | ഷോപ്പിംഗ് കോംപ്ലക്സുകൾ ഉൾപ്പെടെ ജി.സി.ഡി.എ.യുടെ കീഴിൽ എത്ര കടമുറികളാണുള്ളതെന്നും ഇവയിൽ എത്രയെണ്ണം വാടകയ്ക്ക് നൽകിയിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ; | (ബി) | വിശദാംശം അനുബന്ധം -1 ആയി ചേർക്കുന്നു. |
| (സി) | വാടകയ്ക്ക് / പാട്ടത്തിന് നൽകിയിട്ടുള്ള കടമുറികളിന്മേൽ പ്രതിമാസം എത്ര രൂപയാണ് ജി.സി.ഡി.എയ്ക്ക് ലഭിക്കേണ്ടതെന്നും ഇപ്പോൾ പ്രതിമാസം എത്ര രൂപ ലഭിക്കുന്നുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ; | (സി) | 31.10.2022 പ്രകാരം കടമുറികളിന്മേൽ ജിസിഡിഎ -യ്ക്ക് ലഭിക്കേണ്ട തുക 3,18,86,753/- രൂപയാണ്. 31.10.2022 -ൽ ലഭിച്ച തുക 3,29,46,823/- രൂപ (മുൻ കുടിശ്ശികയിൽ നിന്നും പിരിഞ്ഞു കിട്ടിയ തുക ഉൾപ്പെടെ). |
| (ഡി) | കടമുറികളുടെ വാടകയിനത്തിൽ നാളിതുവരെ എത്ര രൂപയാണ് ജി.സി.ഡി.എ.യ്ക്ക് കിട്ടാനുള്ളത് എന്ന വിശദാംശം ലഭ്യമാക്കാമോ; | (ഡി) | കടമുറികളുടെ വാടകയിനത്തിൽ നാളിതുവരെ 7,20,48,901/- രൂപയാണ് ജി.സി.ഡി.എ.-യ്ക്ക് കിട്ടാനുള്ളത്. |
| (ഇ) | ജി.സി.ഡി.എ.യുടെ അധീനതയിലുള്ള കടമുറികളിൽ എത്രയെണ്ണം കൃത്യമായി വാടക നൽകാതെ ആൾക്കാർ കൈവശം വെച്ചിട്ടുണ്ടെന്നും ഇവർ ആരെല്ലാമാണെന്നും ഇങ്ങനെ കൈവശം വച്ചിട്ടുള്ളവർക്ക് വാടകയിൽ ജി.സി.ഡി.എ. എന്തെങ്കിലും ഇളവുകൾ നൽകിയിട്ടുണ്ടോയെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ; | (ഇ) | 33 എണ്ണം. വിശദാംശം അനുബന്ധം -2 ആയി ചേർക്കുന്നു. |
| (എഫ്) | ശോചനീയാവസ്ഥയിൽ ആയ കടമുറികൾ പുതുക്കിപ്പണിയുന്നതിനും കിട്ടാനുള്ള വാടക | (എഫ്) | ശോചനീയാവസ്ഥയിലായ കടമുറികൾ പുതുക്കിപ്പണിയുന്നതിനും പരിപാലിക്കുന്നതിനുമുള്ള |

| | | | |
|---|---|---|---|
| | പിരിച്ചെടുക്കുന്നതിനും ജി.സി.ഡി.എ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ? | | നടപടികൾ യഥാസമയം സ്വീകരിച്ചുവരുന്നു. കടമുറികളുടെ തകരാറുകൾ കണ്ടെത്തുന്ന പക്ഷം അതോറിറ്റിയിൽ നിന്നും സ്ഥല പരിശോധന നടത്തി ആയത് പരിഹരിക്കുന്നതിലേയ്ക്കായുള്ള പദ്ധതി തയ്യാറാക്കുകയും, ആയതിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കി പരിഹരിച്ച് വരുന്നതുമാണ്. 2022-23 സാമ്പത്തിക വർഷത്തിൽ ടി ആവശ്യത്തിലേയ്ക്ക് ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള പ്രധാന വാണിജ്യ വ്യവസായ കായിക സ്ഥാപനങ്ങളായ CMDS, JNIS അറ്റകുറ്റപ്പണികൾക്കായി യഥാക്രമം 2 കോടി, 4.5 കോടി രൂപയുടെ അടങ്കൽ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ച വരുന്നു. മറ്റ കെട്ടിടങ്ങളിലും ഇത്തരം പുനരുദ്ധാരണ പ്രവർത്തികൾ നടന്നുവരുന്നു.<br><br>പ്രളയം, കോവിഡ് മഹാമാരി എന്നിവ മൂലം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന അലോട്ടികളുടെ കുടിശ്ശിക തീർപ്പാക്കുന്നതിന് അലോട്ടികളിൽ നിന്നും ലഭിയ്ക്കുന്ന അപേക്ഷകൾ പരിഗണിച്ച്, കുടിശ്ശിക തുക പലിശ സഹിതം ഗഡുക്കളായി അടവാക്കുന്നതിന് അവസരം നല്കിയിട്ടുള്ളതും പിന്നെയും മുടക്കം വരുത്തുന്ന അലോട്ടികൾക്ക് നിയമ പ്രകാരം നോട്ടീസുകൾ നല്കി കടമുറികൾ ഒഴിപ്പിച്ചെടുക്കുകയും സെക്യൂരിറ്റി തുകയിൽ അധികരിച്ച കുടിശ്ശിക റവന്യൂ റിക്കവറി മുഖേന ഈടാക്കിയും വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

# NUMBER OF SHOPS IN VARIOUS COMPLEX OF GCDA

| SL NO. | NAME OF SHOPPING COMPLEX | NO. OF SHOPS | SHOPS ALLOTTED |
|---|---|---|---|
| 1 | MARINE DRIVE SHOPPING COMPLEX | 259 | 242 |
| 2 | JNI STADIUM | 282 | 243 |
| 3 | KALOOR MANAPATTTIPARAMBU | 8 | 3 |
| 4 | KAKKANAD STUDIO APPARTMENT | 1 | 1 |
| 5 | AMBEDKAR STADIUM BUNKS | 58 | 12 |
| 6 | KADAVANTHRA MARKET GB | 28 | 28 |
| 7 | KALOOR MARKET | 73 | 16 |
| 8 | AMBEDKAR STADIUM OLD SHOPS | 41 | NIL |
| 9 | EASTERN ENTRY COMPLEX | 10 | 10 |
| 10 | HIGH COURT JN.KINCO JETTY BUNKS | 54 | 32 |
| 11 | KADAVANTHRA MARKET VB | 24 | 23 |
| 12 | KADAVANTHRA MARKET OS(OPEN SPACE) | 17 | 17 |
| 13 | KAKKANAD SHOPPING COMPLEX | 19 | 19 |
| 14 | PANAMPILLY NAGAR BUNKS | 8 | 8 |
| 15 | PANAMPILLY NAGAR BUNKS NEAR PASSPORT OFFICE | 7 | 5 |
| 16 | KALOOR MANAPATTTIPARAMBU BUNKS | 4 | 4 |
| 17 | GANDHINAGAR COMPLEX NEAR GCDA OFFICE | 20 | 19 |
| 18 | FISH KIOSK | 3 | 3 |
| 19 | KERAFED KIOSK | 1 | 1 |
| 20 | GANDHINAGAR GODOWN | 1 | 1 |
| 21 | KALOOR KATHRIKADAV ROB | 16 | 16 |
| 22 | SHOPPING COMPLEX NEAR JNIS | 12 | 12 |
| 23 | COMPLEX NEAR RBI | 12 | 12 |
| 24 | SALEEM RAJAN ROAD COMPLEX | 5 | 4 |
| 25 | COMPLEX NEAR HIG GANDHINAGAR | 11 | 11 |
| 26 | ELAMKULAM WEST EXTENSION SCHEME | 8 | 8 |
| 27 | ELAMKULAM WEST TP SCHEME | 4 | 4 |
| 28 | KK ROAD BUNKS | 2 | 2 |
| 29 | KADAVANTHRA WEST COMPLEX | 6 | 4 |
| 30 | WJC KALOOR COMPLEX | 18 | 15 |
| 31 | PANAMPILLY NAGER COMPLEX | 43 | 43 |
| 32 | COMPLEX OPP.KV | 22 | 22 |
| 33 | MARINE DRIVE WALKWAY BUNKS | 4 | 4 |
| 34 | ACREDITATION CENTRE | 1 | NIL |
| 35 | CANTEEN BUILDING OLD | 1 | 1 |
| 36 | AMBEDKAR STADIUM REHABILTATION COMPLEX | 35 | 7 |
| 37 | KALOOR BOT BUILDING | 1 | 1 |
| 38 | GANDHINAGAR WORKING WOMENS HOSTEL | 1 | 1 |
| 39 | ANNEX BUILDING GCDA CANTEEN | 1 | 1 |
| 40 | VELIMAIDAN COMPLEX | 17 | 17 |
| 41 | SHOPS OPP. KAIRALY APPARTMENT | 3 | 3 |
| 42 | PANAMPILLY NAGER COMPLEX NEAR PASSPORT OFFICE | 6 | 6 |
| | TOTAL | 1147 | 881 |

**WORKING WITHOUT PAYING RENT REGULARLY**

1.OS 27-JUSTICE VK MOHANAN ENQ.COMM

1.D-3109-D3111-CDIT

2. OS 62-KIIFB

2. A SECTOR KCA

# അനുബന്ധം -2

| | | |
|---|---|---|
| 1 | ബങ്ക് -44 എൻ. എ സുകു | |
| 2 | ബങ്ക് -10- എം. പി ഉണ്ണി & സാവിത് | |
| 3 | ബങ്ക് -12- ടി. അയ്യപ്പൻ | |
| 4 | കടവന്ത്ര മാർക്കറ്റ് ജി.ബി-16 - ജാൻസി ജോസ് | |
| 5 | കടവന്ത്ര മാർക്കറ്റ് ജി.ബി-26 -സാബി ഹക്കിം | |
| 6 | കടവന്ത്ര മാർക്കറ്റ് ജി.ബി-27 -ആശാലത | |
| 7 | കടവന്ത്ര മാർക്കറ്റ് ഒ.എസ് - 10- പ്രിൻസ് ടി. ആന്റണി | |
| 8 | കടവന്ത്ര മാർക്കറ്റ് ഒ.എസ് -9 -ബിജുമോൻ എം.ടി | കുടിശ്ശിക വരുത്തിയവർക്ക് വാടക ഇളവ് നൽകിയിട്ടില്ല |
| 9 | കടവന്ത്ര മാർക്കറ്റ് വി.ബി -15- പ്രീനാമോൾ രാജീവ് | |
| 10 | കടവന്ത്ര മാർക്കറ്റ് വി.ബി -24 അനിൽകുമാർ കെ. എസ് | |
| 11 | കടവന്ത്ര മാർക്കറ്റ് വി.ബി -22- പ്രീനാമോൾ രാജീവ് | |

**കിൻകോ ജെട്ടി**

| | |
|---|---|
| ബങ്ക് നമ്പർ-29- സെയ്ത് മുഹമ്മദ് | അലോട്ടി മരണമടഞ്ഞിട്ടുള്ളതാണ്. ബങ്ക് ഒഴിപ്പിച്ച്, ഏറ്റെടുത്ത്, കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബങ്ക് നമ്പർ-34,35 - പിയോ ഫിലിപ്പ് | കുടിശ്ശിക അടയ്ക്കാൻ 6 മാസം സാവകാശം ആവശ്യപ്പെട്ടിട്ടുള്ളതാണ്. ആയത് പ്രകാരം ടിയാൻ കുടിശ്ശിക അടയ്ക്കുന്നുണ്ട് . |
| ബങ്ക് നമ്പർ-48 - വി. ഗോപാലൻ | അലോട്ടി മരണമടഞ്ഞിട്ടുള്ളതാണ്. കുടിശ്ശിക ടിയാന്റെ അനന്തരാവകാശികൾ വഴി ഈടാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കടമുറി ടിയാന്റെ ഭാര്യക്ക് കൈമാറി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

**ഗാന്ധി നഗർ ഷോപ്പിംഗ് കോംപ്ലക്സ്**

| | |
|---|---|
| ഷോപ്പ് നമ്പർ -10 | ഓമന അമ്മ |
| ഷോപ്പ് നമ്പർ -11 | കെ. അംബുജം |
| ഷോപ്പ് നമ്പർ -12 | ഐ. വിശ്വനാഥ മേനോൻ |

മേൽ കടമുറികളുടെ അലോട്ടികൾ അതോറിറ്റി ഏർപ്പെടുത്തിയ വാടക വർദ്ധനവ് പ്രകാരമുള്ള വാടക അടയ്ക്കാത്തതിനാൽ കടമുറികൾ ഒഴിപ്പിച്ച് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

| | |
|---|---|
| ഓഫീസ് സ്പേസ്-1 | സി.എസ്.ബി (നിലവിൽ കടമുറി ഒഴിഞ്ഞിട്ടുള്ളതാണ്). അതോറിറ്റി വർധിപ്പിച്ച വാടക സംബന്ധിച്ച് സി.എസ്.ബി കേസ് നല്കിയിട്ടുള്ളതാണ് |
| കൊമേഴ്ഷ്യൽ സ്പേസ് - 2 | ഇംപ്രസാരിയോ ഇവന്റ് മാനേജ്മെന്റ് എന്ന സ്ഥാപനം കുടിശ്ശിക അടയ്ക്കാൻ സാവകാശം ആവശ്യപ്പെട്ടതനുസരിച്ച് കുടിശ്ശിക തവണകളായി അടവ് വരുത്തുവാൻ അനുവാദം നല്കിയിട്ടുള്ളതാണ് |

**പനമ്പിള്ളി നഗർ കൈരളി അപ്പാർട്ട്മെന്റ്**

| | |
|---|---|
| ബങ്ക് നമ്പർ-5- കെ.സി. പ്രദീപ് | വാടക തവണകളായി അടവ് വരുത്തുവാൻ അനുവാദം നല്കിയിട്ടുള്ളതാണ് |

**പനമ്പിള്ളി നഗർ പാസ്പോർട്ട് ഓഫീസ്**

| | |
|---|---|
| ബങ്ക് നമ്പർ-4-സി.പി . ആന്റണി | കുടിശ്ശിക തവണകളായി അടവ് വരുത്തുവാൻ അനുവാദം നല്കിയിട്ടുള്ളതാണ് |
| ബങ്ക് നമ്പർ-6-എം.എ. ഷിബു | ബങ്ക് ഒഴിപ്പിച്ച് ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

എസ്-8, എസ്-20, എസ്-42, എസ്-79, ബി -7, ബി -11, ബി -24, എ-6- കടമുറി പൂട്ടിയെടുക്കുന്നതിനെതിരെ Injuction Order ഉള്ളതാണ്. ഒ.എസ്-63, എസ്-46- നിയമപ്രകാരമുള്ള നോട്ടീസുകൾ നൽകി തുടർ നടപടി സ്വീകരിച്ച് വരുന്നു. ലോക്ക് ഡൗൺ കാലയളവിലെ ഇളവ് കൂടാതെ വാടകയിളവ് നൽകിയിട്ടില്ല.

മേൽ പ്രകാരം വാടക കുടിശ്ശിക വരുത്തിയ അലോട്ടികൾക്ക് യാതൊരുവിധ ഇളവുകളും നൽകിയിട്ടില്ല. വാടക കുടിശ്ശിക തവണകളായി അടയ്ക്കാൻ അനുവാദം നൽകിയവരിൽ, നിശ്ചിത സമയം കഴിഞ്ഞിട്ടും വാടക കുടിശ്ശിക അടയ്ക്കുന്നതിൽ വീഴ്ചവരുത്തുന്ന അലോട്ടികൾക്ക് കുടിശ്ശിക നോട്ടീസ്, സെക്ഷൻ -4, സെക്ഷൻ -5 തുടങ്ങി നോട്ടീസ് നൽകി കുടിശ്ശിക ഈടാക്കുകയോ, ഒഴിപ്പിക്കൽ നടപടി സ്വീകരിക്കുന്നതോ ആണ്.